LIBRARY KERALA LEGISLATIVE ASSEMBLY

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി

181 (1145) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിന് ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) അടുത്ത അഞ്ചുവർഷക്കാലത്തേക്ക് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, എൻ.ടി.പി.സി. എന്നിവയ്ക്കു പുറമേ മറ്റെതൊക്കെ കേന്ദ്ര സ്ഥാപനങ്ങളുമായി ഇത്തരത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയ്ക്കുപുറമെ കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് മറ്റെന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2010-11 കാലയളവിൽ നിർദ്ദിഷ്ട കേന്ദ്ര നിലയങ്ങളായ നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ നെയ്വേലി ന്യൂ, ഡിർക്കലി എന്നീ പവർ സ്റ്റേഷനിൽ നിന്നും എൻ.റ്റി.പി.സി.-യുടെ കടുഗി, പുതിമടക്ക എന്നീ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ കരാർ ഒപ്പിട്ടു.

(ബി) അടുത്ത അഞ്ചു വർഷക്കാലയളവിൽ കേന്ദ്ര നിലയങ്ങളിൽ നിന്നും സംയുക്ത സംരംഭങ്ങളിൽ നിന്നുമായി 1800 MW-ത്തോളം വൈദ്യുതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Case I bidding വഴി 300 MW ഇരുപത്തിനാലു മണിക്കൂർ ലഭ്യമാകുന്ന വൈദ്യുതിക്കും (RTC) 100 MW പീക്കിലും ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഈ കാലയളവിൽ മറ്റു കരാറുകളിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കാനായി പവർ ട്രേഡർമാർ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി വാങ്ങാനുദ്ദേശിക്കുന്നു.

ചട്ടുകപ്പാറയിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടി

182 (1146) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിലെ ചട്ടുകപ്പാറയിൽ, ഏച്ചൂർ സെക്ഷനാഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിലേക്കായി നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;